AKTO
Reg. No.268/92, Govt. Recognised as per GO (P) 34/1992/P&ARD Dated 19.08.1992
# എ.കെ.ടി.ഒ. സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം
Aardram Building, TC No. 5/1178 -3, Ambady Nagar Lane 5, Sreekariyam P.O.
Thiruvananthapuram. Kerala. Pin: 695 017
Phone: 7012963610 Email: aktostatecommittee@gmail.com

## മെമ്പർഷിപ്പ് – പ്രവർത്തന ഫണ്ട് 2026–27 വിജയിപ്പിക്കുക

പ്രിയ സുഹൃത്തേ,

രാജ്യപുരോഗതി സാങ്കേതിക വിദ്യയിലൂടെ എന്ന മുദ്രാവാക്യവുമായി 1991 –ൽ ഓൾ കേരള ട്രേഡ് ഇൻസ്ട്രക്ടേഴ്സ് ആൻഡ് ട്രേഡ്സ്മാൻ ഓർഗനൈസേഷൻ (എ.കെ.ടി.ഒ.) രൂപം കൊള്ളുകയും 1992 ആഗസ്റ്റ് 19 ന് സംഘടനയ്ക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുകയും, കഴിഞ്ഞ മുപ്പത്തിഅഞ്ച് വർഷങ്ങളായി എ.കെ.ടി.ഒ.യുടെ നിരന്തര സമ്മർദ്ദത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഫലമായി ഒട്ടേറെ കാര്യങ്ങൾ നേടിയെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വർക്ക്ഷോപ്പ് അറ്റൻഡർ ട്രേഡ്സ്മാൻ എന്നാക്കി മാറ്റുവാനും ട്രേഡ്സ്മാന്റെ വിദ്യാഭ്യാസ യോഗ്യത ഉയർത്തിയതും 9–ാം ശമ്പളപരിഷ്കരണത്തിലെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടറുടെ അനോമലി പരിഹരിച്ചതും ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാരവകുപ്പ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 90 പുതിയ തസ്തികകൾ അനുവദിച്ചതും, പോളിടെക്നിക് കോളേജുകളിൽ വിദ്യാർത്ഥികളുടെ പഠന യാത്രയിൽ അനുഗമിക്കേണ്ട അധ്യാപക ക്രമത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻമാരെ ഉൾപ്പെടുത്തിയതും, ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാനതലത്തിലാക്കി മാറ്റുവാൻ സാധിച്ചതും സംഘടനയുടെ ശക്തമായ ഇടപെടൽ മൂലമാണ്. യൂണിറ്റു തലത്തിൽ അംഗങ്ങൾക്ക് നേരിട്ട പ്രശ്നങ്ങളിൽ സംഘടന ശക്തമായി ഇടപെട്ട് പ്രശ്ന പരിഹാരം നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയുടെ റേഷ്യോ പ്രൊമോഷനുള്ള അനുപാതം 1:1:3, പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിന്റെ ഫുട്നോട്ടിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചത് എ.കെ.ടി.ഒ. 2023 –ൽ നൽകിയ നിവേദനത്തിന്റെയും കോടതി നടപടികളുടേയും അടിസ്ഥാനത്തിലാണ്.

സംഘടന രൂപീകരിക്കുന്നതിനുമുൻപ് നമ്മുടെ ജീവനക്കാർക്ക് പല വിധത്തിലുള്ള ത്യാഗങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ സംഘടനനയുടെ പിറവിയോടെ ജീവനക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അർഹമായ പരിഗണന നേടിയെടുക്കാനും എ.കെ.ടി.ഒ.യ്ക്കു കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കക്ഷി രാഷ്ട്രീയഭേദമന്യേ പ്രവർത്തിക്കുന്ന ഏക അംഗീകൃത സർവ്വീസ് സംഘടനയാണ് എ.കെ.ടി.ഒ.

ട്രേഡ്സ്മാൻ തസ്തികയുടെ പേര് അസിസ്റ്റന്റ് ട്രേഡ് ഇൻസ്ട്രക്ടർ എന്നാക്കി മാറ്റുക, പോളിടെക്നിക് കോളേജുകളിൽ വർക്ക് ലോഡിന് അനുസരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുക, ട്രേഡ് ഇൻസ്ട്രക്ടർമാരുടെ ജൂനിയർ സീനിയർ അനോമലി പരിഹരിക്കുക, ആർജ്ജിതാവധി അനുവദിക്കുമ്പോൾ ശനി, ഞായർ, പൊതു അവധി ദിനങ്ങൾ കൂടി ഉൾപ്പെടുത്തുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഉടൻ ഭേദഗതി ചെയ്യുക, ട്രേഡ് ഇന്സ്ട്രക്ടർമാരുടെ നേരിട്ടുള്ള നിയമനം അവസാനിപ്പിക്കുക, ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലുള്ള ജീവനക്കാർക്ക് ഡിപ്ലോമ, ബി.ടെക്, എം.ടെക്, പി.എച്ച്.ഡി. കോഴ്സുകളിൽ പഠിക്കാനുള്ള ക്യൂഐപി (ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം)സൗകര്യം അനുവദിക്കുക, കുടിശ്ശികയായ ക്ഷാമബത്ത ഉടൻ അനുവദിക്കുക,എന്നീ ജീവനക്കാരുടെ അവകാശങ്ങൾനേടിയെടുക്കൽ എന്നിവയാണ്നമ്മുടെ മുന്നിലുള്ളത്.

എല്ലാ അധ്യായന വർഷവും സംഘടനയുടെ നിയമാവലി പ്രകാരം മെമ്പർഷിപ്പ് തുകയും വർക്കിംഗ് ഫണ്ടും അടച്ച് സംഘടനയുടെ അംഗത്വം പുതുക്കേണ്ടതാകുന്നു. 2026–27 വർഷത്തേയ്ക്കുള്ള മെമ്പർഷിപ്പ് ഫീസ് 100/– രൂപയും വർക്കിംഗ് ഫണ്ട് 450/–രൂപയും ചേർത്ത് ഒറ്റത്തവണയായി 550/–രൂപ 2026 ആഗസ്റ്റ് 31 ന് മുമ്പായി ഓൺലൈനായി അടയ്ക്കണം. ആയതിലേയ്ക്ക് ഗൂഗിൾ ഫോം പ്രവർത്തന സജ്ജമാക്കിയും മെമ്പർഷിപ്പ്–വർക്കിംഗ് ഫണ്ട് അടയ്ക്കുന്ന എല്ലാം അംഗങ്ങൾക്കും സംസ്ഥാന കമ്മറ്റിയുടെ രസീത് ഓൺലൈനായും നൽകുന്നതാണ്. പെയ്മെന്റ്, നെറ്റ് ബാങ്കിങ് ഉപയോഗിച്ചോ യുപിഐ (ഗൂഗിൾ പേ, ബി.എച്ച്.ഐ.എം., ഫോൺപേ.) മോഡിലോ ചെയ്യാവുന്നതാണ്. അംഗങ്ങളിൽ നിന്നും ആത്മാർത്ഥമായ സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**സൂരജ് ജി.,**
ജനറൽ സെക്രട്ടറി

**തിരുവനന്തപുരം,**
**09/08/2026.**

**Google form Membership 2026-27 https://forms.gle/G8cnHJikJxJhPxdHA**

